# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **178** **28.06.2016**-ൽ മറുപടിക്ക്

**നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ജി.എസ്.ജയലാൽ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി ആകെ എത്ര കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും, ആയത് ഏതൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും അറിയിക്കുമോ ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി 355 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 170 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും, അനുബന്ധ സാധനങ്ങൾ തുടങ്ങിയവയുടെ വിതരണത്തിനും, 180 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും, 5 ലക്ഷം രൂപ ജീവനക്കാർക്കുള്ള പ്രതിഫലം നൽകുന്നതിനും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിലേയ്ക്കായി നാളിതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ദർഘാസ് നടപടികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിടനിർമ്മാണ ചുമതല കൊല്ലം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. 29.2.2016-ൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടന്നു. |
| (സി) | ഡയാലിസിസ് യൂണിറ്റ് കെട്ടിടം പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) | കെട്ടിടം പണി പൂർത്തിയായാലുടൻ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**